കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ചെർപ്പുളശ്ശേരി നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട്

## 2016- 17

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ്ചീട്ട് സഹിതം)

നമ്പർ കെഎസ്എ പികെഡി22-2039/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം,പാലക്കാട്.

തീയതി 25.11.2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

ചെയർപേഴ്സൺ ( സെക്രട്ടറി മുഖേന)

ചെർപ്പുളശ്ശേരി നഗരസഭ

സർ,

വിഷയം : ചെർപ്പുളശ്ശേരി നഗരസഭ 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെർപ്പുളശ്ശേരി നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള മുനിസിപ്പാലിറ്റി(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇമെയിൽ മുഖേന)

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
3) റീജിയണൽ ഡയറക്ടർ, അർബ്ബൻ അഫയേഴ്സ് , കോഴിക്കോട്

4)കാര്യാലയ പകർപ്പ്

നമ്പർ കെഎസ്എ പികെഡി22-2039/2017 തീയതി: 25.11.2017

## പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി നഗരസഭ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1-1-2017 മുതൽ 18-10-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.കെ.കൃഷ്ണകുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-10-2017 മുതൽ 31-10-2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ, |
| | ശ്രീ.കെ.ജി.റോബർട്ട് | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.യൂ. ബിജു ആന്റണി | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.സി.എൽ.പദ്മകുമാർ | സീനി.ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡൻറ് :

| പേര് | കാലയളവ് |
|---|---|
| ശ്രീമതി. ശ്രീലജ വാഴക്കുന്നത്ത് | 1-4-2016 മുതൽ 31-3-2017 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ. എം. ഹരികൃഷ്ണൻ | 1-4-2016 മുതൽ 22-3-2017 വരെ |
| ശ്രീ.എസ്.സനിൽ | 23-3-2017 മുതൽ 31-3-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി.ആർ.രമാദേവി | 1-4-2016 മുതൽ 31-3-2017 വരെ |
| കൃഷി ഓഫീസർ | രാജൻ. പി. | 1-4-2016 മുതൽ 31-3-2017 വരെ |
| ICDS സൂപ്പർവൈസർ | ബീന .സി.എൽ. | 1-4-16മുതൽ 31-3-17വരെ |
| വി.ഇ.ഒ. | മനോജ് കുമാർ.കെ | *1-4-2016 മുതൽ 31-3-17 വരെ* |
| മെഡിക്കൽ ഓഫീസർ(PHC) | ഡോ.നവ്യ അനൂക്കൻ | *1-4-2016 മുതൽ 31-3-2017 വരെ* |
| മെഡിക്കൽ ഓഫീസർ (ISM) | ഡോ.എസ്.എം. ഷബാന | *1-4-2016 മുതൽ 31-3-2017വരെ* |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അബ്ദുൾ വഹാബ് | *1-4-2016 മുതൽ 31-3-2017വരെ* |
| വെറ്ററിനറി സർജൻ | ഡോ. സി.സുധീർ ബാബു | *1-4-2016 മുതൽ 31-3-2017വരെ* |
| പ്രിൻസിപ്പൽ,GHSS ചെർപ്പുളശ്ശേരി | ശ്രീ.വി.നന്ദകുമാർ<br>ശ്രീ.അഗസ്റ്റിൻ ജോസ് | *1-4-2016 മുതൽ 31-1-2017 വരെ*<br>*1-2-2017 മുതൽ 31-3-2017 വരെ* |
| അസി.സെക്രട്ടറി | ശ്രീ.ടി.പി.വേണു ഗോപാലൻ | *1-4-2016 മുതൽ 31-3-2017വരെ* |

പ്രോജക്ട് ഓഫീസർ,നഗരകാര്യസെൽ നിർവ്വഹണംനടത്തേണ്ട പ്രോജക്ടുകൾ വി.ഇ.ഒ യും, SCDO നിർവ്വഹണം നടത്തേണ്ട പ്രോജക്ടുകൾ അസി.സെക്രട്ടറിയുമാണ് നിർവ്വഹിച്ചിരിക്കുന്നത്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2016-17 | 1/03-3-2016 | 1/29-02-17 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-7-2017 | 22-07-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 23-10-2017 | അനുബന്ധമായിച്ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 28662024 | 84919663 | 113581687 | 97993008 | 15588679 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | വിനിയോഗി ക്കാത്ത തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 11942219 | 11942219 | 11937765 | 4454 | |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 11735379 | 11735379 | 10327763 | 1407616 | |
| ടി.എസ്.പി | 0 | 26895 | 26895 | 0 | 26895 | |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 15415521 | 15415521 | 9493680 | 5921841 | |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 3240795 | 3240795 | 1019505 | 2221290 | |
| KLSGDP | 0 | 3032598 | 3032598 | 2632598 | 400000 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6087948 | 6087948 | 5984660 | 103288 | |
| ജനറൽ പർപ്പസ് ഫണ്ട് | 1357561 | 10307568 | 11665129 | 10870272 | | 794857 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | 410351 | 2633128 | 3043479 | 881660 | | 2161819 |
| ബി ഫണ്ട് | 0 | 43374626 | 43374626 | 43374626 | 0 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 377 | 93143022 | 198 | 45593106 | NIL | 179 | 52.52 |

നിർവ്വഹണോദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതികളുടെ ചെലവു വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 1902199 | 1550132 | 81.49 |
| സീനിയർ വെറ്ററിനറി സർജ്ജൻ | 7 | 7 | 3847500 | 1820625 | 47.31 |
| മെഡിക്കൽ ഓഫീസർ CHC | 5 | 5 | 964983 | 936200 | 97.01 |
| മെഡിക്കൽ ഓഫീസർ ISM | 2 | 2 | 625000 | 624500 | 99.92 |
| SCDO | 23 | 13 | 11087031 | 5952000 | 53.68 |
| വി.ഇ.ഒ (പ്രോജക്ട് ഓഫീസർ-നഗരദാരിദ്ര നിർമാർജ്ജനസെൽ) | 14 | 5 | 6466350 | 465000 | 7.19 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 4551600 | 3233587 | 71.04 |
| സെക്രട്ടറി | 40 | 30 | 18241464 | 9676445 | 53.04 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | 268 | 120 | 43336420 | 19480067 | 44.95 |
| പ്രിൻസിപ്പൽ, HSS ചെർപ്പുളശ്ശേരി | 9 | 8 | 1970475 | 1754550 | 89.04 |
| ആകെ | 377 | 198 | 93143022 | 45593106 | 48.95 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3457562 | 10333101 | 6875539 | (+)198 |
| നികുതിയേതര വരവുകൾ | 822095 | 2976706 | 2154611 | (+)262 |
| ആകെ | 4279657 | 13309807 | 9030150 | (+)211 |

## 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷ കൾ | നിശ്ചിത ദിവസ ത്തിനകം തീരുമാന മെടുത്തവ | നിരസി ച്ചവ |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 13 | 9 | 4 |
| 2 | തൊഴിൽ രഹിത വേതനം | 4 | 2 | 2 |
| 3 | വിധവാ പെൻഷൻ | 99 | 88 | 11 |
| 4 | വികലാംഗ പെൻഷൻ | 35 | 32 | 3 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10 | 9 | 1 |
| 6 | വാർദ്ധക്യകാല പെൻഷൻ | 667 | 558 | 109 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-10-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33249/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

കെട്ടിടനികുതി പെർമിറ്റ് രജിസ്ററർ, ഡെപ്പോസിറ്റ് രജിസ്റ്റർ ,ബിൽഡിംങ് പെർമിറ്റ് രജിസ്ററർ എന്നിവ പൂർണ്ണമല്ല. മുനിസിപ്പൽ കെട്ടിടനികുതി ചട്ടങ്ങൾ അനുസരിച്ച് നികുതി പരിഷ്കരിക്കുകയോ നികുതി പിരിവ് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം അനുവർത്തിക്കുകയോ ചെയ്തിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിൽ ചേർക്കുന്നുണ്ടെങ്കിലും വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് ബാലൻസ് പരിശോധിച്ച് ബോദ്ധ്യപ്പെടാവുന്ന രീതിയില്ല രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയാണ് ഇക്കാര്യത്തിൽ കാണുന്നത്. ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭയിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

നഗരസഭ രൂപീകരിച്ചതിനു ശേഷം മറ്റു ഓഡിറ്റുകൾ ഒന്നും നടന്നിട്ടില്ല

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നഗരസഭയിലെ വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ നികുതി നഷ്ടം

കേരള സർക്കാരിന്റെ 30.04.15-ലെ 153/2015/ത സ്വ ഭ വ നമ്പർ ഉത്തരവ് പ്രകാരം 19 വാർഡുകളുണ്ടായിരുന്ന ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത് 01.11.2015മുതൽ 33 വാർഡുകളുള്ള നഗരസഭയായി മാറി. 05.12.2015-ലെ 3655/15/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം പഞ്ചായത്ത് മുനിസിപ്പൽ നികുതി നിരക്കുകൾ വ്യത്യസ്തമായതിനാൽ നിലവിലുള്ള കെട്ടിടങ്ങൾക്ക് പഴയനിരക്കിലുള്ള നികുതി 31.03.2016വരെ ഈടാക്കേണ്ടതാണ്. 01.04.2016 മുതൽ നഗരസഭാ നിരക്കിൽ നികുതി പരിഷ്കരിച്ച് ഈടാക്കേണ്ടതും 01.11.2015മുതൽ പുതിയതായി നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക്

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം നികുതി നിശ്ചയിക്കേണ്ടതുമായിരുന്നു.

15.12.2016-ലെ നഗരസഭാ കൗൺസിലിന്റെ 3-ം നമ്പർ തീരുമാനപ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അംഗീകരിച്ച് ആയത് 01.04.2016 മുതൽ പ്രാബല്യത്തിൽ ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷം അവസാനം വരേയും പുതിയതായി വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങൾക്കുൾപ്പെടെ പുതുക്കിയ നഗരസഭാ നിരക്കിലുള്ള നികുതി ഈടാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള നികുതി പരിഷ്കരണം പൂർത്തീകരിക്കാത്തതിനാൽ നികുതിയിനത്തിൽ വൻ നഷ്ടം നഗരസഭയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നു

ഡാറ്റാ എൻട്രിയുടെ പുരോഗതി

നഗരസഭാ പരിധിയിലുള്ള 13916 കെട്ടിടങ്ങളുടെ ബേസ് ഡാറ്റയുടെ ഡാറ്റാ എൻട്രി സഞ്ചയ സോഫ്റ്റ് വെയറിൽ നടത്തിയിട്ടുണ്ട്. ഇതിൽ 13084 കെട്ടിടങ്ങളുടെ ഫോറം 6 തയ്യാറാക്കി സഞ്ചയ സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രി നടത്തുകയും 5870 കെട്ടിടങ്ങളുടെ ഡിമാന്റ് ജനറേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ നികുതി നിരക്ക് നഗരസഭാ നിരക്കിലേക്ക് മാറ്റുന്നതിനുള്ള യാതൊരു നടപടികളും നാളിതുവരെ സ്വീകരിച്ചിട്ടില്ല. തൃക്കടീരി ഗ്രാമപഞ്ചായത്തിൽ നിന്നും കൂട്ടിച്ചേർത്ത മൂന്നുവാർഡുകളിലെ 1402 കെട്ടിടങ്ങളുടെ വിവരങ്ങളും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഫയലുകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകളിൽ അന്വേഷണ ഉദ്യോഗസ്ഥൻ നേരിൽ പരിശോധന നടത്തി വിവരങ്ങൾ രേഖപ്പെടുത്തി സമർപ്പിക്കേണ്ട ഫോറം 6 ഉൾപ്പെടുത്തിയിട്ടില്ല. നികുതി നിർണ്ണയ രജിസ്റ്ററിൽ ഓരോ കെട്ടിടത്തിന്റെയും നികുതി നിർണ്ണയിച്ച തീയതി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

നഗരസഭ നിശ്ചയിച്ചതിലും കുറവായ നിരക്കിൽ വസ്തുനികുതി ഈടാക്കി

പാർപ്പിട ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നികുതി നിരക്ക് ചതുരശ്ര മീറ്ററിന് അഞ്ചുരൂപയും 05.12.2016 -ലെ കൗൺസിൽ തീരുമാനപ്രകാരം നഗരസഭ നിശ്ചയിച്ച നിരക്ക് ചതുരശ്ര മീറ്ററിന് എട്ടുരൂപയും ആണ്. എന്നാൽ 2016-17 സാമ്പത്തിക വർഷം ഡിസംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നികുതി നിർണ്ണയിച്ച താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ആറു രൂപ നിരക്കിൽ നികുതി ഈടാക്കിയിക്കിരിക്കുന്നു.

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ, കെട്ടിട നമ്പർ, ഇനം, | കെട്ടിട ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട നികുതി തുക / ച.മീ | ഈടാക്കിയ തുക | ബാക്കി ഈടാക്കേണ്ട തുക | നിർമാണം പൂർത്തീകരിച്ച തീയ്യതി |
|---|---|---|---|---|---|---|---|
| 1 | 19/534 പാർപ്പിടം | ഗോപിനാഥൻ, | 123 | 666 (8/ച.മീ) | 452 (5/ ച.മീ) | 214 | 3.01.17 |
| 2 | 19/535 പാർപ്പിടം | ഉണ്ണികൃഷ്ണൻ | 171.72 | 1297 (8/ച.മീ) | 810 (5/ ച.മീ) | 487 | 25.1.17 |
| 3 | 19/539 പാർപ്പിടം | കൃഷ്ണദാസ് | 107.13 | 811 (8/ച.മീ) | 709 (5/ ച.മീ) | 102 | 30.12.16 |
| 4 | 4/685 | രാമസ്വാമി | 62.27 | 416 | 263 | 153 | 17.10.16 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പാർപ്പിടം | | | | | | |
| 5 | 4/686 പാർപ്പിടം | ഷീലാ ദേവി | 98.7 | 747 | 467 | 280 | 20.1.17 |
| 6 | 11/624 പാർപ്പിടം | മുഹമ്മദ് ഷമീർ | 75.67 | 570 | 318 | 252 | 4.11.16 |
| 7 | 11/625 പാർപ്പിടം | മുഹമ്മദ് ബഷീർ | 163.36 | 1097 | 687 | 410 | 1.11.16 |
| 8 | 11/632 പാർപ്പിടം | ഹസീന | 138 | 1043 | 652 | 391 | 21.1.17 |
| 9 | 11/623 പാർപ്പിടം | സൈദാലി | 254.5 | 1924 | 1202 | 722 | 22.12.16 |
| 11 | 11/635 പാർപ്പിടം | അബൂബക്കർ | 132.68 | 1003 | 628 | 375 | 4.2.17 |
| 12 | 11/640 പാർപ്പിടം | അജ്മൽ | 225.55 | 2273 | 1706 | 567 | 19.1.17 |
| 13 | 12/528 പാർപ്പിടം | ശ്രീജിത്ത് | 174.01 | 1316 | 822 | 494 | 11.1.17 |
| 14 | 12/529 പാർപ്പിടം | മുഹമ്മദ് അനസ് | 216.49 | 1964 | 1252 | 712 | 25.1.17 |
| 15 | 5/566 പാർപ്പിടം | വിജയരാമചന്ദ്രൻ | 163.56 | 1237 | 928 | 309 | 31.1.17 |
| 16 | 5/567 വാണിജ്യം | മുഹമ്മദലി | 104.54 | 9484 ( 80 രൂപ/ ച.മീ) | 2415 | 7069 | 13.3.17 |

ഒഴിവാക്കലുകൾ നടത്തിയിട്ടില്ല

സ.ഉ(എം.എസ്)144/15/തസ്വഭവ തിയതി 27-4-2015, സ.ഉ(എം.എസ്) നം. 358/15/തസ്വഭവ തിയതി 16-12-2015 പ്രകാരം 60 m2 ൽ താഴെ മാത്രം വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിനായി യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല

തുടർ പ്രവർത്തനങ്ങൾ

09.02.2017-ലെ നഗരസഭാ കൗൺസിൽ തീരുമാനം 2(5)പ്രകാരം നഗരസഭാ പ്രദേശത്തെ വാർഡുകളിൽ നമ്പർ പതിക്കുന്നതിന് രണ്ട് പേരെ വീതം ഒരു വാർഡിൽനിന്നും കണ്ടെത്തുന്നതിനും ഫോം 2 വിതരണം ചെയ്യുന്നതിനും പൂരിപ്പിക്കുവാൻ സഹായിക്കുന്നതിനുമായി ഒരു വീടിന് 5രൂ നിരക്കിൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും ഫോം 2 വിതരണം പൂർത്തിയാക്കിയിട്ടില്ല. മാത്രമല്ല, വസ്തുനികുതി പരിഷ്കരണത്തിന്റെ തുടർ നടപടികളൊന്നും തന്നെ കാര്യക്ഷമമായി നടന്നിട്ടില്ല.

നഗരസഭാ പ്രദേശത്തെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി ഡിമാന്റ് നോട്ടീസ് നൽകേണ്ടതാണ്. 2013ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ (സ.ഉ.(അ) നമ്പർ 100/2013/തസ്വഭവ തിയതി 15.03.2013) പ്രകാരമുള്ള നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും നഗരസഭാ നിരക്കിൽ നികുതി പരിഷ്കരിച്ച് കുടിശ്ശിക സഹിതം ഈടാക്കി നികുതിയിനത്തിലെ നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## **2-2** വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

ചെർപ്പുളശ്ശേരി നഗരസഭയുടെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകയ്ക്ക് നൽകിയതിൽ താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1) 2016-17 സാമ്പത്തിക വർഷത്തിൽ വാടകയ്ക്ക് നൽകിയ വ്യക്തിയുമായി വാടക കരാർ തയ്യാറാക്കിയിട്ടില്ല.

2) ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല

3)വാടക കുടിശ്ശിക ഈടാക്കാതെ തന്നെ നിലവിലും കുടിശ്ശികയുള്ളവർക്ക് കടമുറികൾ വാടകയ്ക്ക് നൽകുന്നു.

4) കെട്ടിട നമ്പർ എല്ലാ മുറികൾക്കും നൽകിയിട്ടില്ല.

5) വാടക ഇനത്തിൽ ലഭിച്ച തുകകളുള്ള രശീതി നമ്പർ വാടക രജിസ്റ്ററിൽ ചേർത്തിട്ടില്ല.

6) 2016-17സാമ്പത്തിക വർഷത്തിൽ ലഭ്യമാകാനുള്ള തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| കടമുറി നം | കൈവശക്കാരൻ | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|
| 14/502 | അബൂബക്കർ, ചേരമ്പറ്റ | 04/2016 മുതൽ 03/2017 വരെ | (1462+219ST) x12= 20172 |
| 14/503 | ശശികുമാർ, വട്ടോളി | 04/2016 മുതൽ 03/2017 വരെ | (1167+175ST) x12= 16104 |
| ഇല്ല | ഐഷാബി, ഐശ്വര്യശ്രീ | 04/2016 മുതൽ 01/2017 വരെ | (184+21ST) x10= 2050 |
| ഇല്ല | രത്നകുമാരി, ദിവ്യശ്രീ | 08/2016 മുതൽ 03/2017 വരെ | (174+21ST) x08= 1560 |
| 13/1084 1087,1088,1090, 1092, 1093, 1094 | ശാന്തകുമാർ ചളവറ | 11/2016 മുതൽ 03/2017 വരെ | (22260+3339ST) x05= 127995 |

മേൽപ്പറഞ്ഞ വാടകകുടിശ്ശിക സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.12/24.10.2017) കെട്ടിട നമ്പരിടാത്ത മുറികൾക്ക് ഫീൽഡ് പരിശോധന നടത്തി നമ്പർ നൽകുന്നതാണെന്നും, വാടകകുടിശ്ശിക

വരുത്തിയ കെട്ടിടങ്ങൾക്ക് എത്രയും പെട്ടന്ന് നോട്ടീസ് അയക്കുന്നതാണെന്നും,പോസ്റ്റിംഗ് രേഖപ്പെടുത്താത്തവ പോസ്റ്റിംഗ് നടത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഭാവിയിൽ വാടകയ്ക്ക് നൽകുന്ന വ്യക്തിയുമായി വാടക കരാർ തയ്യാറാക്കേണ്ടതാണ്. ദീർഘകാലയളവിൽ വാടകകുടിശ്ശിക വരുത്തുന്നവർക്ക് നിലവിലും കടമുറികൾ വാടകയ്ക്ക് നൽകുന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണ്. ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി പിരിവിലെ അപാകതകൾ

1) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | നീതി മെഡിക്കൽ സ്റ്റോർ | II |
| 2. | ജനമിത്ര ആയുർവ്വേദ ആശുപത്രി | II |
| 3. | സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ് | I&II |

2)സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ചെർപ്പുളശ്ശേരി ശാഖയിലെ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും Ex service man എന്ന് രേഖപ്പെടുത്തി തൊഴിൽനികുതി ഒഴിവാക്കിയിരിക്കുന്നു.

| പേര്, തസ്തിക | ഒന്നാം അർദ്ധവാർഷിക വരുമാനം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ നിന്നും ലഭ്യമായത് | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|
| ഗോപിനാഥൻ പി, അസിസ്റ്റന്റ് | 215974 | 1250 |
| കോമു, ഗാർഡ് | 181578 | 1250 |

3) താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | ഐഡിയൽ പ്രൈവറ്റ് ഇൻഡസ്ട്രീസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | II |
| 2. | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | II |
| 3. | ബാങ്ക് ഓഫ് ബറോഡ | II |
| 4. | മന്ദിർ വികാസ് ലിമിറ്റഡ് | II |
| 5. | കേരള ചുമട്ട് തൊഴിലാളി ക്ഷേമബോർഡ് | II |
| 6. | ന്യൂ ഇന്ത്യ ഇൻഷ്വറൻസ് | II |
| 7. | പി.എൻ.വൈ.സഭ ഫിനാൻസ് ലിമിറ്റഡ് | II |
| 8. | അൽഫ ഇംഗ്ലീഷ് മീഡിയം സ്കൂൾ | II |
| 9. | മാവേലി സ്റ്റോർ | II |

4) ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ഡിമാന്റ് രജിസ്റ്ററിൽ

എഴുതിയിട്ടില്ല. രണ്ടാം അർദ്ധ വർഷത്തിന്റെ നികുതി അടവാക്കിയ രസീതി നമ്പർ ഡിമാന്റ് രജിസ്റ്ററിൽ എഴുതിയിട്ടില്ല.

5) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | ശാന്തിയോഗ ആയൂർവ്വേദം, കരുമാനാംകുറിശ്ശി |
| 2. | നാഷണൽ ഹാർഡ് വെയർ, കരിങ്കല്ലത്താണി |
| 3. | നാഷണൽ ഇലക്ട്രിക്കൽ, കാറൽമണ്ണ |
| 4. | ഫെർട്ടിലൈസർ റിട്ടയിൽ ഷോപ്പ്, ചെർപ്പുളശ്ശേരി |
| 5. | ചെർപ്പുളശ്ശേരി പോളിക്ലിനിക്ക്, പട്ടിത്തറ |
| 6. | പൂക്കാട്ടിൽ ഓട്ടോസ്പെയേർസ്, വെട്ടത്തൂർ |
| 7. | അലോപ്പതി മെഡിസിൻഷോപ്പ്, , ചെർപ്പുളശ്ശേരി |
| 8. | രാധാകൃഷ്ണൻ റൈസ് മിൽ, കാറൽമണ്ണ |
| 9. | ത്രിവേണി സൂപ്പർമാർക്കറ്റ്, ചെർപ്പുളശ്ശേരി |
| 10. | എം.വി.ഇലക്ട്രിക്കൽസ്, ഇല്ലിക്കോട്ടുകുറിശ്ശി |
| 11. | ക്ലാസ്സിക്ക് സിൽക്ക്സ്, തിരുവേഗപ്പുറ |
| 12. | ഡി.എ.ട്രേഡേഴ്സ്, ചെർപ്പുളശ്ശേരി |
| 13. | ഹൈടെക് ഫർണിച്ചർ, കച്ചേരിക്കുന്ന് |
| 14. | കെൻകൻ ഓട്ടോമൊബൈൽസ്, മഞ്ചക്കൽ, , ചെർപ്പുളശ്ശേരി |
| 15. | അലങ്കാർ കല്യാണ മണ്ഡപം, മഠത്തിൽ പറമ്പ്, ചെർപ്പുളശ്ശേരി |
| 16. | ബിസ്മി ട്രേഡേഴ്സ്, ചെർപ്പുളശ്ശേരി |
| 17 | ആർ.എം. ബാറ്റ ഷോറൂം, നെല്ലായ |
| 18 | ശാസ്ത്ര എന്റർപ്രൈസസ്, ചെർപ്പുളശ്ശേരി |
| 19. | ബിസ്മി ബേക്കറി, ചെർപ്പുളശ്ശേരി |
| 20. | കല്യാൺ മിനിസ്റ്റോർ, ചെർപ്പുളശ്ശേരി |
| 21. | അമീൻ ഡെന്റൽ ക്ലിനിക്ക്, ചെർപ്പുളശ്ശേരി |
| 22 | നന്ദൻ ജ്വല്ലറി വർക്സ്, മാങ്ങോട് |
| 23 | എയർവെയ്സ് ട്രാവൽസ്, ചെർപ്പുളശ്ശേരി |
| 24 | കെ.പി.ട്രാവൽസ്, കുളപ്പുര ബിൽഡിംഗ്, ചെർപ്പുളശ്ശേരി |
| 25 | രജിത ഹോട്ടൽ, നാട്ടുകൽ, മണ്ണാർക്കാട് |
| 26 | സുനിൽ പന്തൽ വർക്സ്, വീരമംഗലം |
| 27 | എസ്സ്.ജി .ജ്വല്ലറി വർക്കിംഗ്, തോട്ടക്കര, ഒറ്റപ്പാലം |
| 28 | റോസ് ബേക്കറി, ചെർപ്പുളശ്ശേരി |
| 29 | ന്യൂ ലിസൻ പോളിമർ, ചെർപ്പുളശ്ശേരി |

ജീവനക്കാരിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതായ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് അടവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/20.10.2017) നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതാണെന്നും,രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയവ ചേർത്ത് ക്രമപ്പെടുത്തി രജിസ്റ്റർ പരിപാലിക്കുന്നതാണെന്നും , ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതി മാർഗനിർദേശങ്ങൾ പ്രകാരം അർഹതയില്ലാത്ത വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിച്ചിരിക്കുന്നു. തുക നിരാകരിക്കുന്നു.

പ്രോജക്ട് നം SO 068/17 പ്രകാരം എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അടങ്കൽ,ഫണ്ടിനം. 306900രൂ, വികസന ഫണ്ട്(എസ്.സി.പി)

ചെലവ്. 279000(10nos. @27900)

ലാപ് ടോപ്പുകൾ വിതരണം ചെയ്ത സ്ഥാപനം. Drop Zone Computers, Pattambi

ബിൽ നം, തീയ്യതി, തുക. 2/16-17, /27-3-17, 279000രൂ.

എന്നാൽ ടി പ്രോജക്ട് പ്രകാരം ധനസഹായം നൽകപ്പെട്ടിട്ടുള്ള പല വിദ്യാർത്ഥികളും പ്രൊഫഷണൽ കോളേജുകളിൽ അല്ല പഠിക്കുന്നത്.

ജി.ഓ(എം.എസ്) 4/2016 തസ്വഭവ, തീ. 11-1-2016പ്രകാരം പ്രൊഫഷണൽ കോളോജുകളിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്കും, സ.ഉ.(സാധാ)നം.2464/16,ത.സ്വ.ഭ.വ, തീയ്യതി.17-8-2016പ്രകാരം ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്കും പോളിടെക്നിക്കിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്കും 25000രൂപയിൽ അധികരിക്കാത്ത വിലയിലുള്ള ലാപ് ടോപ്പ് നൽകുന്നതിനാണ് നിർദേശിച്ചിട്ടുള്ളത്.എന്നാൽ മറ്റുസ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും ടി പ്രോജക്ടിൽ ലാപ് ടോപ് അനുവദിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | കോഴസിന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ലാപ് ടോപ്പിന്റെ വില |
|---|---|---|---|
| ചന്ദ്രിക.എ | ഡി.എഡ്. | D.E.T.T.I, Thootha | 27900രൂ. |

ആയതിനാൽ മേല്പറഞ്ഞ ചെലവ് തുക 27900രൂ. പദ്ധതി മാർഗനിർദേശങ്ങൾക്ക് വിരുദ്ധമാകയാൽ ആയത് നിരാകരിക്കുന്നു.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 15/27-10-2017 ന് ലഭ്യമാക്കിയ മറുപടിയിൽ ഭരണസമിതിയുടെ തീരുമാനപ്രകാരം ആണ് ഇപ്രകാരം നടപ്പാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്.എന്നിരുന്നാലും മാർഗനിർദേശങ്ങൾക്ക് വിരുദ്ധമാകയാൽ ചെലവ് തുക 27900രൂ. ഉത്തരവാദിയായ പ്രിൻസിപ്പാളിൽ നിന്നും ഈടാക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ മുഖേന 25000രൂപയിൽ അധികരിക്കാത്ത വിലയുള്ള കമ്പ്യൂട്ടറുകളാണ് വിദ്യാർത്ഥികൾക്ക് നൽകാൻ നിർദേശിച്ചിട്ടുള്ളത്. എന്നാൽ മേല്പറഞ്ഞ പ്രോജക്ട് മുഖേന വാങ്ങിയ ലാപ് ടോപ്പുകൾക്ക് 27900രൂ. വീതമാണ് വില നൽകിയിരിക്കുന്നത്. ഓരോ ലാപ് ടോപ്പിലും 2790രൂ. വീതം അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/27-10-2017ന് ലഭ്യമാക്കിയ മറുപടിയിൽ കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം ആണ് ഉയർന്ന നിരക്കിലുള്ള കമ്പ്യൂട്ടറുകൾ വാങ്ങിയത് എന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ സർക്കാർ

ഉത്തരവുകൾക്ക് വിധേയമായി മാത്രം ഇത്തരം ചെലവുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-2 കാർഷികോപകരണ വിതരണം- കൃഷി ഓഫീസർ നിർവ്വഹിച്ച പദ്ധതി- - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം - 21250 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ കാർഷികോപകരണ വിതരണം എന്ന പ്രൊജക്ട് പദ്ധതി മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായാണ് നടപ്പിലാക്കിയത് എന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ SO 475/17

പ്രൊജക്ടിന്റെ പേര് കാർഷികോപകരണ വിതരണം

അടങ്കൽ തുക പ.വി. 21250/-

മറ്റുള്ളവ- 51250/-

ആകെ 72500/-

ചെലവ് - വീഡ് കട്ടർ 15000/-

തെങ്ങ് കയറുന്നതിനുള്ള യന്ത്രം- 6250/-

ആകെ ചെലവ് 21250/- ( ബിൽ നം 7/16-17തീ. 30.3.17)

ഉപകരണങ്ങൾ വിതരണം ചെയ്ത

സ്ഥാപനം KAICO , പാലക്കാട് ശാഖ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ( 2012-2017) സബ്സിഡിയും അനുബന്ധ വിഷയങ്ങളും പരിഷ്കരിച്ച മാർഗ്ഗ രേഖ ജി.ഒ (എം.എസ്.) 4/16 .ത.സ്വ.ഭ.വ തീയ്യതി 11.1.16 – ലെ ഖണ്ഡിക- 4.1 – കൃഷി ക്രമനം 7- പ്രകാരം കാട് വെട്ട് യന്ത്രം , തെങ്ങിൽ കയറാനുള്ള യന്ത്രം എന്നീകാർഷിക ഉപകരണങ്ങൾ സമിതി കൾക്കും സംഘങ്ങൾക്കും മാത്രമേ നൽകാൻ പാടുള്ളൂ എന്നും, വ്യക്തികൾക്ക് നൽകരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മാത്രമല്ല, ഇവയുടെ ഉടമസ്ഥത തദ്ദേശ സ്ഥാപനത്തിനായിരിക്കുന്നതും വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ലാത്തതാകുന്നു എന്നും പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്ട് പ്രകാരം,തെരഞ്ഞെടുക്കപ്പെട്ട 3വ്യക്തിഗത ഗുണഭോക്താക്കൾക്ക് വീഡ്കട്ടറും, 3 പേർക്ക് തെങ്ങു കയറ്റ ഉപകരണവും വാങ്ങുന്നതിന് സബ്സിഡി നൽകിയിട്ടുണ്ട്.. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | ഇൻവോയ്സ് നം & തീയ്യതി | യൂണിറ്റ് വില | സബ്സിഡി തുക | ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|
| 1 | ശ്രീമതി നഫീസ, ആണ്ണൂർതൊടി, കുറ്റിക്കോട്, തൃക്കടീരി | PGT-310/16-17 തീ. 28.3.17 KASE-1 Brand Brush-cutter with standerd accessories | 15714.3 | 5000 | 32541546784 |

| | | | | | |
|---|---|---|---|---|---|
| 2 | കരുണാകരൻ, പരിച്ചിക്കട, തെക്കുംമുറി | PGT-311/16-17<br>തീ. 28.3.17<br>KASE-1 BrandBrush-cutter withstanderd accessories | 15714.3 | 5000 | 2505108024297<br>(കനറാബാങ്ക്, ചെർപ്പുളശ്ശേരി ശാഖ) |
| 3 | മാധവിക്കുട്ടി, കടനത്ത്,<br>ചെർപ്പുളശ്ശേരി | PGT-312/16-17<br>തീ. 28.3.17<br>Agrimate HondBrush-cutter withstanderd accessories | 22380.95 | 5000 | 67192267558<br>SBT ചെർപ്പുളശ്ശേരി ശാഖ) |
| 4 | PK വിജയകൃഷ്ണൻ,<br>'അനശ്വര തെക്കുമ്മുറി | PGT-305/16-17<br>തീ. 28.3.17<br>CoconutPalm Claimber | 2500 | 1250 | 200400908378<br>SBI ചെർപ്പുളശ്ശേരി ശാഖ) |
| 5 | ടി. നാരായണൻകുട്ടി,<br>കീഴ്പടത്തിൽ, കരുമാനാംകുറുശ്ശി | PGT-306/16-17<br>തീ. 28.3.17<br>CoconutPalm Claimber | 2500 | 1250 | 4264001700071516<br>PNB ചെർപ്പുളശ്ശേരി ശാഖ) |
| 6 | ഹരിദാസൻ,<br>ചകിരിക്കുഴിയിൽ, കരുമാനാംകുറുശ്ശി | PGT-307/16-17<br>തീ. 28.3.17<br>CoconutPalm Claimber | 2500 | 1250 | 3909683143<br>CBI ചെർപ്പുളശ്ശേരി ശാഖ) |
| 7 | സുനന്ദ .എൻ,<br>ചീക്കല്ലിങ്ങൽ,<br>തൃക്കടീരി | PGT-308/16-17<br>തീ. 28.3.17<br>Coconut Palm Claimber | 2500 | 1250 | 67038959557<br>SBT ചെർപ്പുളശ്ശേരി ശാഖ) |
| 8 | രാജഗോപാലൻ,<br>പൊന്നത്ത്,<br>തെക്കുമ്മുറി | PGT-309/16-17<br>തീ. 28.3.17<br>CoconutPalm Claimber | 2500 | 1250 | 252003007001126<br>അർബൻബാങ്ക് ചെർപ്പുളശ്ശേരി ശാഖ) |
| | ആകെ | | | 21250/- | |

മേൽ പറഞ്ഞ വിധം, പദ്ധതി മാർഗ്ഗ രേഖയ്ക്കു വിരുദ്ധമായി പ്രൊജക്ട് നിർവ്വഹണം നടത്തിയതിൽ വിശദീകരണം ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് അടിയന്തിരമായി രേഖാമൂലം സമർപ്പിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 16/30.10.17) മറുപടി

നൽകിയില്ല. ആയതിനാൽ പദ്ധതി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി, കാർഷികോപകരണങ്ങൾ വാങ്ങുന്നതിന് വ്യക്തികൾക്ക് സബ്സിഡി നൽകിയതു വഴി പൊതു ഫണ്ടിന് വന്ന നഷ്ടം 21250 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നഷ്ടോത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കണം.

## 3-3 ഉയർന്ന നിരക്കിൽ സാധനങ്ങൾ വാങ്ങിയിരിക്കുന്നു. അധികം നൽകിയ തുക തിരിച്ചടയ്ക്കേണ്ടതാണ്.

പ്രോജക്ട്നം. SO 066/17പ്രകാരം എസ്.സി.വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികൾ വിതരണം നടത്തിയിട്ടുണ്ട്.ആയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

അടങ്കൽ :321750രൂ.

ചെലവ് :320950രൂ.(98മേശ @2740, 98കസേര@535)

പഠന സാമഗ്രകൾ വിതരണം ചെയ്ത സ്ഥാപനം.: രാജധാനി ഏജൻസീസ് ,ചെർപ്പുളശ്ശേരി

ബിൽ നം., തീ. തുക.3/16-17/24-3-17, 196500രൂ.

6/16-17/30-3-17, 124450രൂ.

മേല്പറഞ്ഞ പ്രോജക്ടിലൂടെ 98എസ്.സി . വിദ്യാർത്ഥികൾക്ക് സ്റ്റീൽ മേശയും പ്ലാസ്റ്റിക്ക് കസേരയും വിതരണം നടത്തിയിരിക്കയാണ് ചെയ്തിട്ടുള്ളത്.

എന്നാൽ ടി പ്രോജക്ട് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

സ്റ്റീൽ മേശക്ക്(4x2സൈസ്) ടെണ്ടർ വിളിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നല്ല വാങ്ങൽ നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | രാജധാനി ഏജൻസീസ് | ദാസ് ഏജൻസീസ് |
|---|---|---|
| ടെണ്ടർ രേഖപ്പെടുത്തിയ തുക | 2740 | 2700 |
| ആകെ അധികം നൽകിയ തുക | 40x98=3920 | |

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയ്യതി 8-11-2010പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ, 2013ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ ഖ.7-33 എന്നിവ പ്രകാരം സാധനങ്ങളെ വർഗീകരിച്ച് ടെണ്ടർ ക്ഷണിക്കണമെന്നും ഓരോ ഇനത്തിലും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കണം എന്നും നിഷ്കർഷിക്കുന്നു.കൂടാതെ ഖ.7-33 (vi -C)പ്രകാരം ടെണ്ടറിൽ എല്ലാ ഇനങ്ങൾക്കുമായോ ,ഭാഗികമായോ നിരക്ക് രേഖപ്പെടുത്താൻ അനുവദിക്കേണ്ടതാണ് എന്നും വ്യക്തമാക്കുന്നു. ആയതിൽ നിന്നും ഓരോ ഇനത്തിലും ഏറ്റവും കുറവ് രേഖപ്പെടുത്തിയവരെ സെലക്ട് ചെയ്യണം എന്ന് വ്യക്തമാണ്. എന്നാൽ മേൽനിർദേശങ്ങൾക്ക് വിരുദ്ധമായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിലൂടെ നഷ്ടമായ തുക 3920രൂ. ഉത്തരവാദിയായ പ്രിൻസിപ്പാളിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

ജി.ഓ(എം.എസ്) 4/2016 തസ്വഭവ, തീ. 11-1-2016പ്രകാരം വിദ്യാർത്ഥികൾക്ക് മരം/സ്റ്റീൽ ഫർണിച്ചറുകളാണ് വിതരണം ചെയ്യാൻ നിർദേശിച്ചിട്ടുള്ളത്. പ്ലാസ്റ്റിക്ക് കസേരകൾ വിതരണം നൽകാൻ വ്യവസ്ഥയില്ല.എന്നാൽ മേല്പറഞ്ഞ പ്രോജക്ടിൽ 98 വിദ്യാർത്ഥികൾക്കും പ്ലാസ്റ്റിക്ക് കസേരകൾ ആണ് വിതരണം ചെയ്തിരിക്കുന്നത്. ആയതിനാൽ 98 കസേരകൾക്ക് 535രൂ. നിരക്കിൽ ചെലവഴിച്ച തുക 52430 രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 നഗരസഭക്ക് വിട്ടുകിട്ടാത്ത സ്ഥാപനത്തിൽ മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നത് പദ്ധതി ചട്ടങ്ങൾക്ക് വിരുദ്ധം--ചെലവുതുക നിരാകരിക്കുന്നു.

പ്രോജക്ടിന്റെ പേര്---വാട്ടർ അതോറിറ്റി പമ്പ് ഹൌസ് നവീകരണം(498/17)

നിർവ്വഹണോദ്യോഗസ്ഥൻ--സെക്രട്ടറി

അടങ്കൽ--200000/-(ധന.കമ്മീഷൻ ഗ്രാന്റ്)

ചെലവ്---157994/-(ബിൽ നം. 13/12-1-17 തുക-200000/-)

LIC കുന്ന് എന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൌസിൽ 30HP യുടെ സബ്മേഴ്സിബ്ൾ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടാണിത്. മേൽപറഞ്ഞ പ്രകാരം പിൻവലിച്ച 2 ലക്ഷം രൂപ ഡെപ്പോസിറ്റ് വർക്കായി നിർവ്വഹിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ ഷൊർണ്ണൂർ ഡിവിഷൻ ഓഫീസർക്ക് കൈമാറുകയാണുണ്ടായത്. ഇതിൽ 1,57,994/- രൂപ ചെലവഴിച്ചശേഷം ബാക്കിതുകയായ 42006 രൂപ ചെക്ക് നം.010309 തി.17-8-17 പ്രകാരം തിരികെ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

തൻവർഷം 33,96,379 രൂപ വാട്ടർ അതോറിറ്റിയിലേക്ക് വാട്ടർ ചാർജ് ഇനത്തിൽ നഗരസഭ ഒടുക്കിയിട്ടുണ്ടെന്നിരിക്കെ തങ്ങളുടെ പമ്പ് ഹൌസ് നവീകരിക്കുകയും, അറ്റകുറ്റപ്പണികൾ നടത്തുകയും കുടിവെള്ളവിതരണം ഉറപ്പാക്കുകയും ചെയ്യേണ്ടത് വാട്ടർ അതോറിറ്റി അധികൃതരുടെ ബാധ്യതയാണ്.

മുനിസിപ്പാലിറ്റിയുടെ പദ്ധതിനിർവ്വഹണ പരിധിയിൽപ്പെടാത്ത വാട്ടർ അതോറിറ്റിയുടെ കെട്ടിടത്തിൽ പദ്ധതിപ്പണം വിനിയോഗിച്ച് മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ പ്രവൃത്തിയാണ്. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/30-102017) ലഭിച്ച മറുപടിയിൽ വാട്ടർ അതോറിറ്റിയുടെ അനുമതിയോടെയും ഭരണസമിതി, DPC അംഗീകാരത്തോടെയുമാണ് പ്രവൃത്തി നിർവ്വഹണം നടത്തിയതെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും നഗരപാലിക ചട്ടങ്ങൾക്ക് വിരുദ്ധമായ പ്രവൃത്തി നിർവ്വഹിച്ചതിന് അടിസ്ഥാനമില്ല. ഇക്കാരണത്താൽ ഈ ഇനത്തിലെ ചെലവുതുക 1,57,944/-രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## 3-5 അസി. സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടുകൾ– രേഖകൾ ഹാജരാക്കിയില്ല- 2060000 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ( പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള പ്രൊജക്ടുകൾ) പ്രൊജക്ടുകൾ വ്യക്തിഗത ഗുണഭോക്താക്കളുടെ അപേക്ഷകൾ അവരുടെ യോഗ്യത തെളിയിക്കുന്ന അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജ .നം | പ്രൊജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് | ബിൽ നമ്പർ . തീയ്യതി | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|---|---|
| 1 | 525/17 | Scവീട് വൈദ്യുതീകരണം | 60000 | 60000 | 16/17 തീ. 23.3.17 | (1)വ്യക്തിഗത ഗുണഭോക്താക്കളുടെ അപേക്ഷകൾ (2)ജാതി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തെളിയിക്കുന്ന സാക്ഷ്യപത്രം<br>(3)വരുമാന സാക്ഷ്യ പത്രം<br>(4)വീടിന്റെ ഉടമസ്ഥാവകാശ സാക്ഷ്യ പത്രം<br>((4)പട്ടികജാതി വകുപ്പ് ഉൾപ്പെടെയുള്ള ഇതര ഏജൻസികളിൽ നിന്നും ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യ പത്രം<br>(5)വീട് വൈദ്യുതീകരിച്ചതിന്റെ തെളിവ് രേഖകൾ<br>(6)മോണിറ്ററിംഗ് റിപ്പോർട്ട് |
| 2 | 527/17 | പട്ടിക ജാതി കുടുംബ ങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ | 400000 | 400000 | 8/17 തീ 6.3.17 | വ്യക്തിഗത (1)ഗുണഭോക്താക്കളുടെ അപേക്ഷകൾ<br>(2)ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം<br>(3)വരുമാന സാക്ഷ്യ പത്രം<br>(4)വീടിന്റെ ഉടമസ്ഥാവകാശ സാക്ഷ്യ പത്രം<br>((4)പട്ടികജാതി വകുപ്പ് ഉൾപ്പെടെയുള്ള ഇതര ഏജൻസികളിൽ നിന്നും ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യ പത്രം<br>(5)ഗാർഹിക കണക്ഷൻ<br>ലഭ്യമാക്കിയതു സംബന്ധിച്ച രേഖകൾ<br>(6)മോണിറ്ററിംഗ് റിപ്പോർട്ട്. |
| 3 | 531/17 | SC ഗുണഭോ | 1600000 | 1600000 | 9/17 തീ | വ്യക്തിഗത (1)ഗുണഭോക്താക്കളുടെ |

| | | | | | | |
|---|---|---|---|---|---|---|
| | | ക്താ<br>ക്കൾക്ക്<br>സ്ഥലം<br>വാങ്ങൽ<br>പദ്ധതി | | | 8.3.17<br>200000<br>22/17<br>തീ.<br>30.3.17<br>400000<br>25/17<br>തീ.<br>30.3.17<br>1000000 | അപേക്ഷകൾ<br>(2)ജാതിതെളിയിക്കുന്ന സാക്ഷ്യപത്രം<br>(3)വരുമാന സാക്ഷ്യ പത്രം<br>(4)ഭാര്യക്കും ഭർത്താവിനും സ്വന്തമായി ഭൂമിയില്ലെന്നും ,പിന്തുടർച്ചാവകാശ പ്രകാരം ലഭിക്കാനി ല്ലെന്നുംതെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നും ലഭിച്ച സാക്ഷ്യ പത്രം<br>((4)പട്ടികജാതി വകുപ്പ് ഉൾപ്പെടെയുള്ള ഇതര ഏജൻസികളിൽ നിന്നും ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം<br>(5)രജിസ്റ്റർ ചെയ്ത പ്രമാണത്തിന്റെ പകർപ്പ്<br>(6) പദ്ധതിമാർഗ്ഗ രേഖയിലെനിർദ്ദേശ പ്രകാരംനിർവ്വഹണോ ദ്യഗസ്ഥനുമായുണ്ടാക്കിയ കരാർ പത്രം<br>(7)മോണിറ്ററിംഗ് റിപ്പോർട്ട്. |
| | | ആകെ തുക | | 2060000 | | |

മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി 2060000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പദ്ധതി മാർഗരേഖയിലെ നിബന്ധനകൾ പാലിച്ചിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന കുടിവെള്ളപദ്ധതികളിൽ ഗുണഭോക്തൃസമിതിയുമായി പദ്ധതിയുടെ തുടർപരിപാലനം സംബന്ധിച്ച എഗ്രിമെന്റ് വെച്ചിട്ടില്ല.മോട്ടോർ ഷെഡ്ഡ്, കുഴൽക്കിണർ എന്നിവ സ്ഥാപിക്കുന്നതിന് സ്ഥലം വിട്ടുനൽകിയ(Relinquishment) സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ആലുംകുന്ന് കോളനി കുടിവെള്ള പദ്ധതി) സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് മോട്ടോർഷെഡ്ഡ് നിർമ്മിച്ചിട്ടുള്ളത് കൂടാതെ

ടി പദ്ധതികൾക്ക് മോട്ടോർ വാങ്ങിയതിന്റെ ക്വട്ടേഷൻ നോട്ടീസ്, തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.താഴെസൂചിപ്പിച്ചിട്ടുള്ള എല്ലാ പദ്ധതികളിലും 5HP മോട്ടോർ ആണ് വാങ്ങിയിരിക്കുന്നത്(വിതരണലൈൻ ഇടുകപോലും ചെയ്യാത്ത പദ്ധതികളിലും 5HP മോട്ടോർ തന്നെയാണ് വാങ്ങിയിട്ടുള്ളത്). കുടിവെള്ള വിതരണത്തിന് ആവശ്യമായ പല ഇനങ്ങളും ഒഴിവാക്കിയിട്ടാണ് പ്രോജക്ടുകൾരൂപീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | SO358/17, ആല്യംകുന്ന് കോളനി കുടിവെള്ള പദ്ധതി | SO351/17, കള്ളിവളപ്പിൽ കുടിവെള്ളപദ്ധതി | SO409/17, പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി |
|---|---|---|---|
| ഫണ്ടിനം, അടങ്കൽ | പദ്ധതി ഫണ്ട്(എസ്.സി.പി) 200000 | പദ്ധതി ഫണ്ട്(എസ്.സി.പി) 150000 | പദ്ധതി ഫണ്ട്(ജനറൽ), 400000 |
| കൺവീനർ | രാമകൃഷ്ണൻ | രാമകൃഷ്ണൻ | കെ.അബ്ദു |
| എം.ബുക്ക് നം, മൂല്യനിർണയം, | 130/15, 200000 | 141/15, 150000 | 702/14, 400000 |
| ബിൽനം,തീയ്യതി, തുക | 43/17, 200000 | 9/17, 150000 | 10/17/2-3-17/ 400000 |
| കുഴൽക്കിണറിന്റെ ആഴം | 84m | 82m | 102m |
| വിതരണ ലൈനിന്റെ നീളം | വിതരണ ലൈൻ ഇല്ല | വിതരണ ലൈൻ ഇല്ല | 708m |
| പ്രോജക്ടിന്റെ പൂർത്തീകരണത്തിന് ഇനിയും ആവശ്യമായ ഇനങ്ങൾ | വിതരണ ലൈൻ ടാങ്ക് | വിതരണ ലൈൻ ടാങ്ക് | ടാങ്ക് |
| മോട്ടോറിന് വേണ്ടി ചെലവഴിച്ച തുക (5HP@18135) | 90675രു. | 90675രു. | 90675രു. |

ജി.ഒ.(എം.എസ്) 4/2016/ത.സ്വ.ഭ.വ., തീ.11-1-2016 പ്രകാരമുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഒരു കുടിവെള്ള പ്രോജക്ട് തയ്യാറാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കണം എന്ന് വ്യക്താമാക്കുന്നു. കൂടാതെ കുടിവെള്ളപദ്ധതികൾക്ക് മോട്ടോർ വാങ്ങുമ്പോൾ ഭൂജല വകുപ്പിൽ നിന്നും സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി ആയതനുസരിച്ച് നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/27-10-2017ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ മേൽ സൂചിപ്പിച്ച നിബന്ധനകൾ പാലിക്കാതെയും യാതൊരു അടിസ്ഥാനവും ഇല്ലാതെ എല്ലാ പ്രവത്തികൾക്കും ഒരേ തരം മോട്ടോർ വാങ്ങിയതിനാലും മേല്പറഞ്ഞ മൂന്ന് പ്രവത്തികൾക്കും വേണ്ടി ആകെ ചെലവഴിച്ച തുക 750000രു. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-7 കമ്പ്യൂട്ടർ,അനുബന്ധഉപകരണങ്ങൾ എന്നിവ സ്വകാര്യസ്ഥാപനത്തിൽനിന്നു നേരിട്ടു വാങ്ങിയത് ക്രമപ്രകാരമല്ല

## —ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു

പ്രോജക്റ്റ്--ചെർപ്പുളശ്ശേരി ഗവ.ഹൈസ്കൂളിലെ അടിസ്ഥാനസൌകര്യങ്ങൾ വർദ്ധിപ്പിക്കൽ( 544/17)

നിർവ്വഹണോദ്യോഗസ്ഥൻ--സെക്രട്ടറി

അടങ്കൽ--500000/-MG(NR)- 476022/-,തനത് ഫണ്ട്-23978/-

ചെലവ്--476022/- (ബിൽ നം.55/31-3-12)

മേൽപറഞ്ഞപ്രോജക്റ്റിൽ 200000/- ലക്ഷം രൂപ ഹൈസ്കൂളിലേക്കാവശ്യമായ ബെഞ്ച്,മേശ എന്നിവ വാങ്ങിയതിന് കേരളാ ആർട്ടിസാൻ ഡവലപ്മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിനു നൽകിയതാണ്. അവശേഷിക്കുന്ന തുകയായ 276022/- രൂപ 12 കമ്പ്യൂട്ടറുകൾ അവയുടെ അനുബന്ധഉപകരണങ്ങൾ എന്നിവ വാങ്ങിയതിന് ചിപ്സെറ്റ് കമ്പ്യൂട്ടേഴ്സ്, പാലക്കാട് എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. മൽസരാധിഷ്ഠിത ടെന്റർ നടപടികളില്ലാതെ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് നേരിട്ട് വാങ്ങുകയാണുണ്ടായത്. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്ക് യാതൊരുവിലയും കൽപിക്കാതെ ഇപ്രകാരം സാധനസാമഗ്രികൾ വാങ്ങിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇക്കാരണത്താൽ ഈ ഇനത്തിൽ ചെലവഴിച്ച 276022/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.(ഓഡിറ്റ് അന്വേഷണം നം.19/30-10-2017 )

## 3-8 ക്വട്ടേഷൻ ക്ഷണിക്കാതെ അംഗൻവാടികളിലേക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത്-ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ്- വിവിധ അംഗൻവാടികളിലേക്ക് ഗ്യാസ് കണക്ഷൻ(496/17)

നിർവ്വഹണോദ്യോഗസ്ഥൻ--സെക്രട്ടറി

അടങ്കൽ-49000/-(ധന.കമ്മീഷൻ.ഗ്രാന്റ്)

ചെലവ്-49000/-(ബിൽ നം.25/15-3-17-18300/-, ബിൽ നം.37/15-3-17-30700/-)

മേൽ തുകയിൽ 18,300 രൂപ നഗരസഭാ പരിധിയിൽപ്പെട്ട 6 അംഗൻവാടികളിലേക്ക് ഗ്യാസ് കണക്ഷൻ നൽകിയതിന് പവിത്രം ഗ്യാസ് ഏജൻസീസ്,ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിനു നൽകിയ തുകയാണ്. അവശേഷിക്കുന്നതുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം/യൂണിറ്റ് വില | തുക |
|---|---|---|
| ഗ്യാസ് സ്റ്റൌ | 2600x6 | 15600 |
| പ്രഷർകുക്കർ | 1099x6 | 6594 |
| IPGഹോസ് | 170x6 | 1020 |
| ഗ്യാസ് വില | 1242x6 | 7452 |
| മറ്റുചെലവുകൾ | 225x6 | 1350 |
| | ആകെ | 32016/-(30700 രൂപയിൽ നിജപ്പെടുത്തി) |

ഗ്യാസ് കണക്ഷൻ നിയമാനുസൃത ഏജൻസിയിൽ നിന്നും വാങ്ങിയിട്ടുണ്ടെങ്കിലും അനുബന്ധ ഉപകരണങ്ങൾ അതേ സ്ഥാപനത്തിൽ നിന്നും നേരിട്ടു വാങ്ങിയത് ക്രമപ്രകാരമല്ല. മൽസരാധിഷ്ഠിത ക്വട്ടേഷൻ വിളിക്കാതെ നേരിട്ട് സാധന സാമഗ്രികൾ വാങ്ങിയത് സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക്

വിരുദ്ധമാണ്. ഇക്കാര്യം കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.19/3-10-17) നല്കിയ മറുപടിയിൽ "6 സെന്ററുകളിലെക്ക് അംഗൻവാടി വർക്കറുടെ പേരിൽ പർച്ചേസ് തുക സെക്രട്ടറി ഒരുമിച്ച് നൽകുകയാണുണ്ടായത്" എന്ന മറുപടി യാണ് ബോധിപ്പിച്ചിട്ടുള്ളത്. ഒരു പ്രോജക്റ്റിൽ തന്നെ ഇപ്രകാരം റിട്ടെയിൽ പർച്ചേസ് നടത്തിയെന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ഗ്യാസ് വില ഒഴിച്ചുള്ള ചെലവ് തുക 23248 രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 ക്ഷീരകർഷകർ നൽകിയ പാലിന്റെ അളവ് വ്യക്തമാക്കുന്ന വിശദാംശങ്ങളില്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്- -ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ്(476/17)

നിർവ്വഹണോദ്യോഗസ്ഥൻ--സെക്രട്ടറി

അടങ്കൽ-500000/-(ധന.കമ്മീഷൻ.ഗ്രാന്റ്)

ചെലവ്-499640/-(ബിൽ നം.21/25-2-17)

മേൽ പറഞ്ഞ പ്രകാരം ചെലവഴിച്ച തുകയിൽ 412471/- രൂപ കാറൽമണ്ണ ക്ഷീരവ്യവസായ സഹ കരണസംഘം, 87169/-രൂപ ചെർപ്പുളശ്ശേരി ക്ഷീരോൽപാദക സഹകരണസംഘം എന്നിവയുടെ സെക്രട്ടറിമാർ ഗുണഭോക്താക്കൾക്ക് വേണ്ടി കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ചെർപ്പുളശ്ശേരി ക്ഷീരോൽപാദക സഹകരണ സംഘത്തിലെ ഗുണഭോക്താക്കൾ പാൽ നൽകിയതിന്റെ വിശദാംശങ്ങളും കർഷകർക്ക് തുക ലഭിച്ചതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റും ഓഡിറ്റിനു സമർപ്പിച്ചില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നം.19/30-10-17 നു ലഭിച്ച മറുപടിയിൽ ടി.രേഖകൾ സംഘത്തിന്റെ ഫയലിൽ തന്നെയാണ് എന്നാണറിയിച്ചത്. പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ചെലവഴിച്ച തുക 87169/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-10 മണ്ണുംപുറം റോഡ് സംരക്ഷണഭിത്തി നിർമ്മാണം-അപാകതകൾ.

മുൻസിപ്പാലിറ്റിയിലെ 31-ാം വാർഡിൽ മണ്ണുംപുറം കോളനിയിലേക്ക് വളരെ വീതികുറഞ്ഞ ഇടുങ്ങിയ നടവഴിയാണുള്ളത്. കാൽനടയാത്രയും വാഹനഗതാതവും ബുദ്ധിമുട്ടായതിനാൽ ഇടവഴിയുടെ ഇരുവശവും വീതികൂട്ടി റോഡ് നിർമ്മാണം നടത്തുന്നതിന് പദ്ധതി തയ്യാറാക്കി നിർവ്വഹണം നടത്തിയിട്ടുണ്ട്. എന്നാൽ ആയതിലേക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയതിൽ 30മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി 1.2 മീറ്റർഉയരത്തിൽ കെട്ടുവാൻ 100000/-ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ സംരക്ഷണഭിത്തിക്ക് ടോപ്പ് ബെൽറ്റ് നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടില്ല. പ്രോജക്റ്റ് ആദ്യ പടിയാണെന്നും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർന്നുള്ള പ്രവർത്തികൾ നടത്തുവാനുമാണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. പ്രവർത്തി നേരിൽ പരിശോധിച്ചതിൽ സംരക്ഷണ ഭിത്തിക്ക് ടോപ്പ് ബെൽറ്റ് നിർമ്മിക്കാത്തതിനാൽ കല്ലുകൾ ഇളകിപ്പോയി സംരക്ഷണഭിത്തിക്ക് കേടുപാടുകൾ സംഭവിക്കുന്നതായി കാണുവാൻ കഴിഞ്ഞു. 2017-18 സാമ്പത്തിക വർഷത്തിൽ ഈ പ്രവർത്തിയിൽ തുടർന്നുള്ള പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം-നിർമ്മാണ സംബന്ധമായ പ്രോജക്ടുകളിൽ നിർമ്മിതിയുടെ തുടർസംരക്ഷണം ഉറപ്പുവരുത്താനാവശ്യമായ ഘടകങ്ങളെല്ലാം പ്രോജക്റ്റിൽ വകകൊള്ളിക്കേണ്ടതാണ്.

## 3-11 പണി പൂർത്തിയാക്കിയ ഇനങ്ങൾ വീണ്ടും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എസ്റ്റിമേറ്റിന് വ്യക്തത വരുത്തേണ്ടതാണ്.

പ്രോജക്റ്റ് നം. 374/17 പ്രകാരം മൃഗാസ്പത്രി പണി പൂർത്തീകരണത്തിനായി 1500000രൂപയുടെ പ്രോജക്റ്റ് രൂപീകരിച്ചിട്ടുണ്ട്. ടി പ്രോജക്റ്റ് പലവർഷങ്ങളിലും സ്പിൽ ഓവർ ആയി കാണുന്നതിനാൽ ആയത് സംബന്ധിച്ച് 26-10-2017ൽ നടത്തിയ സ്ഥലപരിശോധനയിൽ മേല്പറഞ്ഞ പ്രോജക്റ്റിന്റെ എസ്റ്റിമേറ്റിലെ ഇനങ്ങളായ സിമന്റ് പ്ലാസ്റ്ററിങ്ങ്, ഗ്രില്ലുകൾ സ്ഥാപിക്കൽ എന്നിവ നടന്നിരിക്കുന്നതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/27-10-2017ന് ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് 15-1-2015ൽ നിർമിച്ചതാണെന്നും ടി പ്രോജക്റ്റ് സംബന്ധിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ ആരാണ് നടത്തിയത്, എന്നാണ് നടത്തിയത് തുടങ്ങിയ കാര്യങ്ങളൊന്നും രേഖകൾ പ്രകാരം വ്യക്തമല്ല. എസ്റ്റിമേറ്റിലെ ഇനങ്ങൾ ടെണ്ടർ നടപടികൾ ഒന്നും സ്വീകരിക്കാതെ നിലവിൽ പണിപൂർത്തീകരിച്ച സാഹചര്യം എന്താണ് എന്നും ആയത് വീണ്ടും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ചും വ്യക്തത വരുത്തേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 3-12 മരാമത്ത് പ്രവത്തികളിൽ ആവശ്യമുള്ള അളവ് സിമന്റ് ഉപയോഗിക്കാത്തതിനാൽ ഗുണനിലവാരത്തിൽ കുറവ് സംഭവിക്കാൻ സാധ്യതയുണ്ട്.

താഴെപ്പറയുന്ന കൺവീനർ പ്രവത്തികളിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ബില്ലുകൾ പ്രകാരം വാങ്ങിയ സിമന്റ് ആവശ്യമുള്ള അത്ര ഇല്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവത്തിയുടെ നം, പേര് | SO216/17- കുളിയാട് – അടാത്തോട് റോഡ് കോൺക്രീറ്റ് | SO131/17- അമ്പലറോഡ് – കാളക്കുന്ന് റോഡ് കോൺക്രീറ്റ് |
|---|---|---|
| അടങ്കൽ | 100000 | 150000 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് – റോഡ് | മെയിന്റനൻസ് ഫണ്ട് – റോഡ് |
| കൺവീനറുടെ പേര് | സുലൈമാൻ | രാജഗോപാലൻ |
| എം.ബുക്ക് നം., പ്രവത്തി മൂല്യ നിർണയം | 323/16, 100000 | 309/16 , 150000 |
| ബിൽ നം., തീയ്യതി | 70/16-17/30-3-17, 100000, | 68/16-17,30-3-17, 150000 |
| കോൺക്രീറ്റ് അളവ് | 13.66 m3 | 20.75 m3 |
| ആവശ്യമായ സിമന്റ് അളവ് | 87 bag | 133 bag |
| ബിൽ പ്രകാരം ഉപയോഗിച്ച സിമന്റ് | 85 Bag | 126bag |
| കുറവ് | 2Bag | 7 bag |

ആവശ്യമുള്ള അത്രയും സിമന്റ് ഉപയോഗിക്കാത്തതിനാൽ പ്രവത്തിയുടെ ഗുണനിലവാരത്തിൽ കുറവ് സംഭവിയ്ക്കാൻ സാധ്യതയുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/27-10-2017ന് ലഭ്യമാക്കിയ മറുപടിയിൽ രണ്ടു തവണകൾ ആയിട്ടാണ് സിമന്റ് വാങ്ങിയത് എന്നും രണ്ടാം തവണ

വാങ്ങിയ ബില്ല് പരിശോധനയ്ക്ക് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ എല്ലാ ബില്ലുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-13 സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകൾ,കുടിവെള്ളടാപ്പുകൾ എന്നിവയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്

തെരുവുവിളക്കുകൾ, കുടിവെള്ള ടാപ്പുകൾ എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ നഗരസഭയിൽ ലഭ്യമാണെങ്കിലും അവ അപൂർണ്ണമാണ്. തെരുവുവിളക്കുകളുടെ രജിസ്റ്ററിൽ അവയുടെ എണ്ണം, ഇനം, വാട്സ് സംബന്ധമായ വിവരങ്ങൾ ലഭ്യമല്ല. വാട്ടർഅതോറിറ്റിയിലേക്ക് പ്രതിമാസം കൃത്യമായി തുക അടവാക്കിവരുന്നുണ്ടെങ്കിലും നിലവിൽ എത്ര വാട്ടർ ടാപ്പുകൾ ഉണ്ടെന്ന് നിജപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് വർഷം മേൽപറഞ്ഞ ഇനങ്ങളിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| കെ.എസ്.ഇ.ബി.യിൽ ഒടുക്കിയത് | വാട്ടർ അതോറിറ്റിയിൽ ഒടുക്കിയത് |
|---|---|
| 1771967 | 3396379 |

വ്യക്തമായ മാനദണ്ഡങ്ങളില്ലാതെ തുക ഒടുക്കുന്നതിന് പകരം കെ.എസ്.ഇ.ബി. വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളുമായിച്ചേർന്ന് സംയുക്തപരിശോധന നടത്തുകയും വിവരങ്ങൾ യഥാവിധി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. തെരുവ് വിളക്കുകൾക്ക് മീറ്ററിംങ് സമ്പ്രദായവും ഏർപ്പെടുത്തേണ്ടതാണ്. 19 കുടിവെള്ള പദ്ധതികൾ നിലവിലിരിക്കെ പൊതു ടാപ്പുകൾക്കായി ഇത്രയും തുക ചെലവു ചെയ്യേണ്ടി വന്നത് പരിശോധനാ വിധേയമാക്കേണ്ടതും പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളെ ഒഴിവാക്കി മാത്രം തുക ഒടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-14 ചെലവഴിക്കാൻ ബാക്കിയായ ആശ്രയ പദ്ധതി തുക തിരിച്ചടക്കേണ്ടതാണ്

വിവിധ വർഷങ്ങളിലായി ആശ്രയ ഗുണഭോക്താക്കൾക്കായി പദ്ധതി ആവിഷ്കരിച്ച് ആശ്രയ ഫണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ട തുക ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടാത്ത വിധം പ്രസ്തുതഫണ്ടിൽ അവശേഷിക്കുന്നു (അക്കൌണ്ട് നം.2505101020159). വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | | വരവ് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| 2005-06 | nil | 200000 | 107500 | 92500 |
| 2006-07 | 92500 | 272000 | 217500 | 147000 |
| 2007-08 | 147000 | Nil | 20000 | 127000 |
| 2008-09 | 127000 | 200000 | 27500 | 299500 |
| 2009-10 | 299500 | 200000 | 38250 | 461250 |
| 2010-11 | 461250 | 400000 | 49258 | 811992 |
| 2011-12 | 811992 | 400000 | 21500 | 1190492 |

| | | | | |
|---|---|---|---|---|
| 2012-13 | 1190492 | Nil | 61288 | 1129204 |
| 2013-14 | 1129204 | Nil | 113543 | 1015661 |
| 2014-15 | 1015661 | Nil | 79309 | 936352 |
| 2015-16 | 936352 | Nil | Nil | 936352 |
| 2016-17 | 936352 | 600000 | nil | 1536352* |

*കേരളാ ഗ്രാമീൺ ബാങ്ക്,ചെർപ്പുളശ്ശേരി(a/c no.40279101018121)

ഇപ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള തുക സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതും നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ മാത്രം ആവിഷ്കരിച്ച് പദ്ധതിഫണ്ടിൽ നിന്നും തുക വകയിരുത്തേണ്ടതുമാണ്

## 3-15 ഓഡർ ചെയ്ത ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

2015-16 സാമ്പത്തിക വർഷത്തിൽ ബിൽ നം.1/2016-17,തീയ്യതി 30-12-2016 പ്രകാരം 100000/-രൂപ ഹോമിയോ മരുന്നുകൾക്കായി ഹോംകോ ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും (ഓർഡർ നം.15/2017/GHD dt.3.1.2017) ഇൻവോയ്സ് നം. എൽ.എഫ്. 336/29.7.2017പ്രകാരമുള്ള ഡെലിവറി നോട്ട് പ്രകാരം (4736,4735,5648) 78140/-രൂപയുടെ മരുന്നുകൾ മാത്രമേ ഓഡിറ്റ് തീയ്യതി വരെ ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന 21860/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-16 പദ്ധതി നിർവ്വഹണത്തിനു വേണ്ടി മറ്റു ഏജൻസികൾക്ക് കൈമാറിയ തുക- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കണം.

2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണത്തിനു വേണ്ടി വിവിധ ഏജൻസികൾക്ക് കൈമാറിയ പ്രൊജക്ടുകളും തുകകളും സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമനം | പ്രൊജ.നം& പേര് | അടങ്കൽ തുക | തുക കൈമാറിയ നിർവ്വഹണോദ്യോഗസ്ഥന്റെ പേര് | നിർവ്വഹണ ഏജൻസി | ചെലവ് തുക | ബിൽ നം തീയ്യതി |
|---|---|---|---|---|---|---|
| 1 | 549/17 IAY അധിക വിഹിതം | 1250000 ( പ.വി) | അസി. സെക്രട്ടറി | (ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയ തുക (A/C No.0741101010608) | 1250000 | ( ബിൽ നം. 14/17 തീ. 21.3.17 |
| 2 | 482/17 സ്പിൽ ഓവർ) കന്നു കുട്ടി പരിപാലന പദ്ധതി | 312500 ( പ.വി.) | സീനിയർ വെറ്ററിനറി സർജൻ | അസി. ഡയറക്ടർ കന്നുകുട്ടി പരിപാലന പദ്ധതി, പാലക്കാട് A/C | 312500 | ബിൽ നം. 8/17 തീ.22.2.17 |

| | | | | | | |
|---|---|---|---|---|---|---|
| | | | | No 248000008 | | |

മേൽ പറഞ്ഞ നിർവ്വഹണ ഏജൻസികളിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 3-17 അംഗൻവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം - ഫിറ്റ്നസ്സ് സാക്ഷ്യ പത്രം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.3.2011ലെ 31055/ഡി.സി.2/2011. ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ ഖണ്ഡിക (സി) പ്രകാരം എല്ലാ വർഷവും മെയ് 10 -നകം തദ്ദേശ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൽപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ്സ് നൽകേണ്ടതുമാണ്. യാതൊരു കാരണ വശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിപ്പിക്കാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്ത പക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ തദ്ദേശ ഭരണ സ്ഥാപനം/ കെട്ടിടമുടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അംഗൻവാടി മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്.

അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി എല്ലാ വർഷവും മാർച്ച് മാസം അവസാനം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ എന്നിവർ അംഗൻവാടികൾ സന്ദർശിക്കേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30-നകം ഫിറ്റ്നസ്സ് ഉറപ്പാക്കുകയും വേണം.

ആയതിനാൽ അംഗൻവാടി കെട്ടിടങ്ങൾ പൂർണ്ണമായും സുരക്ഷിതമാണെന്ന് ഉറപ്പു വരുത്താനുള്ള നടപടികൾ നഗരസഭയും നിർവ്വഹണോദ്യോഗസ്ഥയും സ്വീകരിക്കേണ്ടതാണ്. സാങ്കേതിക വിഭാഗത്തിൽ നിന്ന് ഫിറ്റ്നസ്സ് സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും, പ്രത്യേകം ശ്രദ്ധനൽകേണ്ടതും, ആയവ പരിശോധയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-18 ആശ്രയ ഭവന നിർമാണ പദ്ധതി- തുക വിനിയോഗിക്കാത്ത പക്ഷം വികസന ഫണ്ടിൽ തിരിച്ചടയ്ക്കണം.

2016-17 സാമ്പത്തിക വർഷത്തിൽ ആശ്രയ ഭവന നിർമാണ പദ്ധതിക്കുവേണ്ടി അംഗീകാരം ലഭ്യമാക്കിയ ഒരു പ്രൊജക്ടിനു വേണ്ടി അസി. സെക്രട്ടറി 2,50000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജ.നം 451/17

അടങ്കൽ തുക- 250000

ചെലവ് 250000 ( ബിൽ നം. 23/17 തീ. 30.3.17)

മേൽ പറഞ്ഞ പ്രകാരം 250000 രൂപ വികസന ഫണ്ടിൽ നിന്നും പിൻ വലിച്ച് കുടുംബശ്രീയുടെ പേരിൽ , കേരള ഗ്രാമീൺ ബാങ്കിന്റെ ചെർപ്പുളശ്ശേരി ശാഖയിലുള്ള 40279101018121 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക നാളിതുവരെ ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.

വിവിധ വർഷങ്ങളിലായി ആശ്രയ ഗുണഭോക്താക്കൾക്കായി പദ്ധതി ആവിഷ്കരിച്ച് ആശ്രയ പദ്ധതി ഫണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ട ഇനത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ 936352 രൂപ ചെലവഴിക്കാതെ കനറാ ബാങ്കിന്റെ ചെർപ്പുളശ്ശേരി ശാഖയിലെ 2505101020159 നമ്പർ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ഈ തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കാൻ 2015-16- ലെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ തുക തിരിച്ചടച്ചിട്ടില്ലെന്നു മാത്രമല്ല, വീണ്ടും വികസന ഫണ്ടിൽ നിന്നും 250000 രൂപ പിൻവലിച്ച് ബാങ്കിൽ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. തികച്ചും അശാസ്ത്രീയമായ ഈ പ്രവണത, പൊതു ഫണ്ടിനെ നിഷ്ക്രിയമാക്കുകയാണ് ചെയ്യുന്നത് എന്നതിനാൽ ചെലവഴിക്കാത്ത മുഴുവൻ തുകയും തിരിച്ചടക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-19** അംഗൻവാടി പോഷകാഹാര വിതരണം- ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നില്ല

നഗര സഭയിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം നിശ്ചിത സമയ പരിധിയിൽ പരിശോധന നടത്തുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ ഈ വിഷയത്തിൽ മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിററ് വർഷത്തിൽ താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായിപ്രവൃത്തി നടത്തുന്നതിന് മുൻകൂർതുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെകൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. / തിയ്യതി | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA, ഷൊർണ്ണൂർ | 30HPസബ്മേഴ്സിബിൾ മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കൽ (498/17) | 19/25-02-17 (fund transferred through NIFT | 200000 | 157994 | അവശേഷിക്കുന്ന തുക 42006/-രൂപ തിരിച്ചടവാക്കിയിട്ടുണ്ട് |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് .

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത്/ചലാൻ നം. തിയ്യതി |
|---|---|---|---|---|
| 2015-16 | ----- | 4845 | ശ്രീമതി.ബീന സി.എൽ(2015-16വർഷത്തെ ഓഡിറ്റിനിടയിൽ അടവാക്കി) | 11603110996/13-1-17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 3-25 | 2005-06 | 54.1 | സർക്കാർ മാനദണ്ഡം പാലിക്കാതെ സബ്സിഡി നൽകി | അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല |
| 2000-01 | 3-24 | 2005-06 | 54.2 | മാനവീയം വിഷ്വൽ ഡോക്യുമെന്ററി ലക്ഷ്യം നേടിയില്ല. | ---ടി---- |
| 1999-00 | 3-22 | 2005-06 | 54.3 | ഡ്രെയിനേജ് ടാങ്ക് നിർമാണം- പരിധി ലംഘിച്ച് ടെണ്ടർ അധികം നൽകി | ----ടി---- |
| 2000-01 | 3-22 | 2005-06 | 54.4 | വട്ടി.കൊട്ട,പനമ്പ് നിർമ്മാണം സംബന്ധിച്ച് | ----ടി---- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 84919663 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97993008 |
| വരവിനങ്ങളിലുള്ള നഷ്ടം | 2500 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 211014 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3196439 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്ന തുക | സർചാർജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| 2-3(2) | 2500 | - | ശ്രീ.എം.ഹരികൃഷ്ണൻ,സെക്രട്ടറി |
| 3-1 | - | 27900 | ശ്രീ.അഗസ്റ്റിൻ ജോസ്, പ്രിൻസിപ്പൽ GHSS,ചെർപ്പുളശ്ശേരി |
| 3-2 | - | 21250 | ശ്രീ.പി.രാജൻ,കൃഷി ഓഫീസർ |
| 3-3 | - | 3920 | ശ്രീ.അഗസ്റ്റിൻ ജോസ്, പ്രിൻസിപ്പൽ GHSS,ചെർപ്പുളശ്ശേരി |
| 3-4 | - | 157944 | ശ്രീ.എം.ഹരികൃഷ്ണൻ,സെക്രട്ടറി |
| ആകെ | 2500 | 211014 | |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ.2-1

(ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 2060000 | ശ്രീ.ടി.പി.വേണുഗോപാലൻ, അസി.സെക്രട്ടറി |
| 3-6 | 750000 | ശ്രീമതി.ആർ.രമാദേവി, അസി.എഞ്ചീനീയർ |
| 3-7 | 276022 | ശ്രീ.എം.ഹരികൃഷ്ണൻ, സെക്രട്ടറി |
| 3-8 | 23248 | --do-- |
| 3-9 | 87169 | --do-- |
| ആകെ | 3196439 | |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.ഹരികൃഷ്ണൻ, സെക്രട്ടറി. | സെക്രട്ടറി,ചെർപ്പുളശ്ശേരി നഗരസഭ | മണ്ണഴി(സാകേതം), കടമ്പഴിപ്പുറം പി.ഒ., പാലക്കാട് ജില്ല |
| ശ്രീ.അഗസ്റ്റിൻ ജോസ്,പ്രിൻസിപ്പൽ GHSS,ചെർപ്പുളശ്ശേരി | പ്രിൻസിപ്പൽ GHSS,ചെർപ്പുളശ്ശേരി | റെയിൻബോ, പുതുകുളങ്ങര,ചെങ്കൽ, അമരവിള,പി.ഒ, തിരുവനന്തപുരം |
| ശ്രീ.പി.രാജൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ചെർപ്പുളശ്ശേരി കൃഷിഭവൻ | മാതാക്കോട്,പെരിങ്ങുന്നം, കുഴൽമന്ദം പി.ഒ,പാലക്കാട് |

# **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ എഫ് പി 11-667/01/11.07.01 | ഫർദർറിമാർക്സ് |
| 1997-98 | എൽ എഫ് പി 12-1512/09/23.08.11 | ഫർദർ റിമാർക്സ് |
| 1999-00 | എൽ എഫ് പി 8-843/04/3.12.2004 | ഫർദർ റിമാർക്സ് |
| 2000-01 | എൽ എഫ് പി 12-1016/06/8.04.14 | ഫർദർ റിമാർക്സ് |
| 2001-02 | എൽ എഫ് പി 12-85/10/28.10.10 | ഫർദർ റിമാർക്സ് |
| 2002-03 | എൽ എഫ് പി 12-662/11/7.06.11 | ശുദ്ധിപത്രം |
| 2003-04 | എൽ എഫ് പി 8- 507/09/11.05.10 | ഫർദർ റിമാർക്സ് |
| 2004-05 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2005-06 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2006-07 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2007-08 | എൽ എഫ് പി 12-1726/12/3.04.13 | ഫർദർ റിമാർക്സ് |
| 2008-09 | എൽ എഫ് പി 12-1726/12/3.04.13 | ഫർദർ റിമാർക്സ് |
| 2009-10 | എൽ എഫ് പി 12-1518/13/19.03.14 | ഫർദർ റിമാർക്സ് |
| 2010-11 | എൽ എഫ് പി 12-1518/13/19.03.14 | ഫർദർ റിമാർക്സ് |
| 2011-12 | എൽ എഫ് പി 12-2362/14/15.05.15 | ഫർദർ റിമാർക്സ് |
| 2012-13 | എൽ എഫ് പി 12-227/15/07.06.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14,2014-15 | നം.എൽ.എഫ്. കെ.എസ്.എ-പികെഡി12/42 /2016/21-3-16 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16,(1-4-15 to 31-10-15) | നം.കെ.എസ്.എ-പികെഡി12/124 /2017/27-1-2017 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 (1-11-15 to 31-3-15) | നം.കെ.എസ്.എ-പികെഡി 22/134/2017/ 13-2-2017 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

## 1

## അനുബന്ധം

നമ്പർ കെഎസ്എ പികെഡി22-2039/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം,പാലക്കാട്.

തീയതി 25.11.2017.

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ്

സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെർപ്പുളശ്ശേരി നഗരസഭയുടെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1.അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31ലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.വസ്തു നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

3.സഞ്ജയ ,സാംഖ്യ സോഫ്റ്റ് വെയറുകളുടെ ഇന്റഗ്രേഷൻ നടത്തിയിട്ടില്ല

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

No. KSA PKD 22-2039/2017

Kerala State Audit Department,
District Audit Office, Palakkad,
Dated : 25.11.2017.

## **<u>Audit Certificate</u>**

Certified that I have examined the Annual Financial Statement of CHERPULASSERI MUNICIPALITY for the year ended 31.03.17 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994 , Section 295 of the Kerala Municipality Act 1994 , the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of CHERPULASSERI MUNICIPALITY prepared in accordance with Section Section 295 of the Kerala Municipality Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2016-2017 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Senior Deputy Director

Abstract of defects

1. The value of movable and immovable assets during the period prior to conversion to accrual system not added to the value of assets as per the current balance sheet.
2. Demand and Arrear Demand Registers of Property Tax not perpared and certified by the Secretary
3. Integration of sanchaya and sankhya softwares are not done

Senior Deputy Director